**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4274** **28-10-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു: കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായ് അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ്റും, വായനാ മുറി, ആധുനിക സാകര്യങ്ങളോടു കൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്ലെറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്ന തിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചുമട് അനായസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നിവ നടപ്പിലാക്കിയിരുന്നു. കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക മായ യന്ത്രവത്ക്കരണത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് 5.19 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പുനർനിർമ്മിക്കുകയും, കാപ്പെക്സ് ഹെഡോഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് സി.സി.ടിവികൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്‌ലറ്റ്, ചുറ്റമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുക യുമുണ്ടായി. 2021-22 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന് 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 510 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. കൂടാതെ ദേശീയ വിപണിയിലും, ബ്രാൻഡ് ബിൽഡിംഗിനും, കമ്പോള ബോധവത്ക്കരണ ത്തിനുമായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് അനുവദിച്ച് നൽകുകയും ചെയ്തു. കൂടാതെ 2015 മുതൽ 2020 വരെയുള്ള കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്ന് വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 20 കോടി രൂപ അനുവദിച്ച് നൽകി. അതുപോലെ കാപ്പക്സിന്റെ അധീനതയിലുള്ള 10 കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണ ത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത തുക കൂടി വിനിയോഗിച്ച് 2016 മുതൽ 2020 വരെ കാപ്പക്സിൽ നിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് വേണ്ടി 9.57 കോടി രൂപ അനുവദിച്ച് നൽകി. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നതിന് വേണ്ടി 37.30 കോടി രൂപ കേരള കാഷ്യൂ ബോർഡിന് അനുവദിച്ച് നൽകി. |
| (ബി) | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 'ജൈവ കശുവണ്ടി കൃഷിയ്ക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുമായി' 2021-22 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 650 ലക്ഷം രൂപ അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകുകയും ടി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സർക്കാർ സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. കശുമാവ് പുതുകൃഷി ഈ പദ്ധതിയുടെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. ഇതു പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. 2. മുറ്റത്തൊരു കശുമാവ് പദ്ധതി. കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ, എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ട് മുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു. 3.ഹൈഡെൻസിറ്റി പ്ലാന്റിംഗ് സംസ്ഥാനത്ത് സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന 'ഹൈഡെൻസിറ്റി പ്ലാന്റിംഗ് പദ്ധതി' നടപ്പിലാക്കി വരുന്നു. 4.മാതൃകാ കശുമാവിൻ തോട്ടം സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥത യിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും ലക്ഷ്യമിട്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്. കൂടാതെ നാടൻ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനു ബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപാദിപ്പിക്കുന്നുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് 'മാതൃകാ കശുമാവ് തോട്ട' പദ്ധതിയിൽപ്പെടുത്തി അത്യുത്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നുണ്ട്. ഇതോടൊപ്പം കാപ്പക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുത്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ